**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച ശേഷം യഥാസമയം വില നൽകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | **ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച ശേഷം യഥാസമയം വില നൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ വിഷയം ഗൗരവത്തോടെ കാണുകയും 2022 ഡിസംബർ മാസം വരെയുള്ള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്തെ കർഷകരിൽ നിന്നും ഹോർട്ടികോർപ്പ് പഴം, പച്ചക്കറി എന്നിവ സംഭരിച്ച ഇനത്തിൽ നൽകുവാനുള്ള തുക വളരെക്കാലമായി കുടിശികയായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച ശേഷം യഥാസമയം വില നൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ വിഷയം ഗൗരവത്തോടെ കാണുകയും 2022 ഡിസംബർ മാസം വരെയുള്ള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.** |
| (സി) | എങ്കിൽ അപ്രകാരം കുടിശിക ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കാമോ; | (സി) | **സംസ്ഥാനം നേരിട്ട പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കടുത്ത പ്രതിസന്ധി കാലങ്ങളിൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേരളത്തിലുടനീളമുള്ള കർഷകരുടെ ഉൽപ്പന്നങ്ങൾ മുഴുവൻ ന്യായമായ വില നൽകി ഹോർട്ടികോർപ്പിന് സംഭരിക്കേണ്ടി വന്നിരുന്നു. എന്നാൽ ടി കാലത്ത് വില്പനയിൽ ഗണ്യമായ കുറവ് വരുകയും സംഭരിച്ച പച്ചക്കറികൾ വിറ്റഴിക്കാനാകാതെ കേടായി പോകുകയും ചെയ്ത സാഹചര്യത്തിലും, കൂടാതെ വിവിധ കാരണങ്ങളാൽ പച്ചക്കറികളുടെ അധിക സംഭരണം പലകാലയളവുകളിൽ നടത്തുന്നതിന് ഹോർട്ടികോർപ്പ് നിർബന്ധിതമാകുന്നതിനാലും, സ്ഥാപനത്തിന് ഭീമമായ നഷ്ടം നേരിടേണ്ടി വരാറുണ്ട്. ഈ സാഹചര്യങ്ങൾ മൂലമാണ്** |

| | | | |
|---|---|---|---|
| | | | **പച്ചക്കറികളുടെ തുക കർഷകർക്ക് നൽകുന്നതിനുള്ള കാലതാമസം ഉണ്ടായത്.** |
| (ഡി) | കുടിശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | **2022 മാർച്ച് വരെ സംഭരിച്ച പച്ചക്കറിയുടെ വിലയായി കർഷകർക്കും, കർഷക സംഘങ്ങൾക്കും 3,04,55,315/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ബഡ്ജറ്റിൽ അനുവദിച്ച നൽകിയ 4,77,50,000/- രൂപ ഉപയോഗിച്ച് 31-12-2022 വരെ കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനും, അത് 2023 ഫെബ്രുവരി മാസം 10-ന് മുമ്പായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ